പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1476 06.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി പെൻഷൻ

ചോദ്യം

ശ്രീ. സണ്ണി ജോസഫ്

" പി.ടി. തോമസ്

" ഷാഫി പറമ്പിൽ

" തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഉത്തരം

എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ പെൻഷൻകാർക്ക് പെൻഷൻ നൽകുവാൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യവുമായി ഉണ്ടാക്കിയ കരാർ വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ നൽകുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, സർക്കാർ, കെ.എസ്.ആർ.ടി.സി എന്നിവർ ചേർന്ന് ധാരണ പത്രം ഒപ്പുവെച്ചിട്ടുണ്ട്. അതിൻ പ്രകാരം കുടിശ്ശികയുള്ള അഞ്ച് മാസത്തെ പെൻഷനും തുടർന്ന് 2018 ജൂലൈ വരെയുള്ള പ്രതിമാസ പെൻഷനുമാണ് പ്രസ്തുത ധാരണ അനുസരിച്ച് വിതരണം ചെയ്യുന്നത്. |
| (ബി) | ഇതുപ്രകാരം കെ.എസ്.ആർ.ടി.സിക്ക് പെൻഷൻ കുടിശ്ശിക തീർക്കുവാൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം നൽകേണ്ട തുക എത്രയാണ്; എത്ര ശതമാനം പലിശയാണ് ഇതിന് കെ.എസ്.ആർ.ടി.സി നൽകേണ്ടത്; | (ബി) | നിലവിൽ ഉണ്ടായിരുന്ന കുടിശ്ശിക തീർക്കുവാൻ (അതായത് 2018 ഫെബ്രുവരി വരെ) സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും ഏകദേശം 220 കോടി രൂപയാണ് ആവശ്യമുള്ളത്. കൂടാതെ ജൂലായ് വരെയുള്ള പ്രതിമാസ പെൻഷനും ടി കൺസോർഷ്യം വഴി വിതരണം ചെയ്യുന്നതാണ്. ഇപ്രകാരം സഹകരണ ബാങ്കുകൾ വിതരണം നടത്തിയ പെൻഷൻ തുക |

| | | | |
|---|---|---|---|
| | | | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ ധനസഹായത്തിൽ നിന്നും 10% പലിശ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്. |
| (സി) | ദേശസാൽകൃത ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള കടത്തിന്റെ പലിശ നിലവിലെത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | 12% പലിശ നിരക്കിലാണ് വായ്പയെടുത്തിട്ടുള്ളത്. |
| (ഡി) | മറ്റുള്ളവർ നൽകുന്നതിനെക്കാളും കൂടിയ പലിശയ്ക്ക് വായ്പ എടുക്കുന്നവരാണ് കെ.എസ്.ആർ.ടി.സി. എന്നും ഇത് സഹകരണ മേഖലയ്ക്ക് ലാഭകരമായ ബിസിനസ് ആണെന്നും സഹകരണ വകുപ്പ് മന്ത്രി ഫെബ്രുവരി 14ാം തീയതി ദർബാർ ഹാളിൽ ചേർന്ന യോഗത്തിൽ പ്രസ്താവിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിച്ചിട്ടുണ്ടോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**